# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 13.04.2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. ഭരണഘടനാശിൽപ്പി ബി.ആർ. അംബേദ്കറുടെ 135-ാം ജന്മവാർഷികം നാളെ; ന്യൂഡൽഹിയിൽ പ്രത്യേക ആഘോഷ പരിപാടികൾ; ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **The celebrations of the 135th Dr. Ambedkar Jayanti will be organized on tomorrow at New Delhi; President Droupadi Murmu greets citizens on eve of birth anniversary of Dr. B.R. Ambedkar.**

2. അംബേദ്കർ ദിനമായ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാനയിൽ വിവിധ വികസനപദ്ധതികൾക്കു തുടക്കം കുറിക്കും.

   **Prime Minister Narendra Modi to launch multiple projects in Haryana on Ambedkar Jayanti tomorrow.**

3. രണ്ടുവർഷത്തിനകം ദേശീയപാത വികസനത്തിനായി സർക്കാർ 10 ലക്ഷം കോടി രൂപ നിക്ഷേപിക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി.

   **Govt to invest Rs 10 lakh crore in highway development over next 2 years, says Union Minister Nitin Gadkari.**

4. കേരളത്തിലെ ആദ്യ അതിദാരിദ്ര്യമുക്ത നിയമസഭാ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടത്തെ പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

   **Chief Minister Pinarayi Vijayan has declared Dharmadam in Kannur district as the first extreme poverty-free assembly constituency in Kerala.**

5. ഐപിഎൽ ക്രിക്കറ്റിൽ രാജസ്ഥാനെതിരെ ബംഗളൂരുവിന് ജയം; രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഡൽഹി, മുംബൈയെ ബാറ്റിങ്ങിനയച്ചു.

**In IPL cricket, Bengaluru beat Rajasthan and in the second match, Delhi won the toss and put Mumbai in to bat.**

☼☼☼☼☼☼☼☼☼☼☼☼☼

# AMBEDKAR JAYANTI

ഭരണഘടനാ ശിൽപ്പി ഡോ. ബി.ആർ. അംബേദ്കറുടെ 135-ാം ജന്മവാർഷികത്തോടനുബന്ധിച്ച്, നാളെ ന്യൂഡൽഹിയിലെ പാർലമെന്റ് മന്ദിര സമുച്ചയത്തിന് സമീപം പ്രേരണ സ്ഥലിൽ ആഘോഷങ്ങൾ സംഘടിപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, മന്ത്രിമാർ, പാർലമെൻറംഗങ്ങൾ, തുടങ്ങിയവർ രാവിലെ ബാബാസാഹേബ് അംബേദ്കറിന് പുഷ്പാർച്ചന നടത്തുന്നതോടെ പരിപാടി ആരംഭിക്കും.

****************************

# AMBEDKAR PREZ

ഭരണഘടനാ ശിൽപ്പി ബി. ആർ. അംബേദ്കറുടെ ജന്മവർഷികത്തോടനുബന്ധിച്ച് ആശംസകൾ നേർന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സ്ത്രീകളുടെയും പിന്നാക്ക വിഭാഗങ്ങളുടെയും സാമ്പത്തിക-സാമൂഹിക അവകാശങ്ങൾക്കായി ആജീവനാന്ത പോരാട്ടം നടത്തിയ വ്യക്തിയായിരുന്നു അദ്ദേഹമെന്ന് രാഷ്ട്രപതി അനുസ്മരിച്ചു. അദ്ദേഹത്തിന്റെ സംഭാവനകൾ, രാഷ്ട്രനിർമ്മാണത്തിനായി പ്രതിജ്ഞാബദ്ധതയോടെ പ്രവർത്തിക്കാൻ ഭാവി തലമുറകളെ പ്രചോദിപ്പിക്കുമെന്നും ശ്രീമതി മുർമു പ്രത്യാശ പ്രകടിപ്പിച്ചു.

****************************

# PM - HARYANA

അംബേദ്കർ ജയന്തിദിനമായ നാളെ പ്രധാനമന്ത്രി നരേന്ദ്രമോദി ഹരിയാന സന്ദർശിക്കും. ഊർജമേഖലയിലുൾപ്പെടെ നിരവധി പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. ഹിസാർ വിമാനത്താവളത്തിലെ പുതിയ ടെർമിനൽ ശിലാസ്ഥാപനവും, ഹിസാർ-അയോധ്യ വിമാനസർവീസും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. യമുന നഗറിൽ 800 മെഗാവാട്ട് ശേഷിയുള്ള ആധുനിക

താപവൈദ്യുത നിലയത്തിനും കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റിനും അദ്ദേഹം തറക്കല്ലിടും.

*****************************

# PM-REWARI BYPASS

ഭാരത്മാല പരിയോജനയ്ക്ക് കീഴിലുള്ള റേവാരി ബൈപാസ് പദ്ധതി പ്രധാനമന്ത്രി നാളെ നാടിനു സമർപ്പിക്കും. 14 കിലോമീറ്റർ ദൂരം വരുന്ന ഈ പാത യാഥാർഥ്യമാകുന്നതോടെ ഡൽഹി-നാർനൗൾ യാത്രാദൈർഘ്യം ഒരു മണിക്കൂർ കുറയും.

*****************************

# EVE. MP - AMIT SHAH VISIT (VOICE)

കേന്ദ്ര സഹകരണമന്ത്രാലയം സ്ഥാപിച്ചശേഷം രാജ്യത്തിന്റെ സഹകരണ മേഖലയിൽ ഉണ്ടായ മാറ്റങ്ങളെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രി അമിത് ഷാ. മധ്യപ്രദേശിലെ ഭോപ്പാലിൽ സംസ്ഥാനതല സഹകരണ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. സഹകരണ നിയമങ്ങൾ കേന്ദ്രസർക്കാർ ക്രമീകരിച്ചതും, ആ നിയമങ്ങൾ സംസ്ഥാനങ്ങൾ അംഗീകരിച്ചതും സഹകരണ മേഖലയെ പുനരുജ്ജീവിപ്പിച്ചുവെന്ന് ശ്രീ ഷാ പറഞ്ഞു.

(ഹോൾഡ് വോയിസ്)

*****************************

# GOVT-HIGHWAYS

അടുത്ത രണ്ടു വർഷത്തിനുള്ളിൽ വടക്കുകിഴക്കൻ മേഖലയിലും രാജ്യത്തിന്റെ അതിർത്തിപ്രദേശങ്ങളിലും ഹൈവേകൾ ശക്തിപ്പെടുത്തുന്നതിനായി 10 ലക്ഷം കോടി രൂപ നിക്ഷേപിക്കാൻ സർക്കാർ പദ്ധതിയിടുന്നതായി കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. കിഴക്കൻ സംസ്ഥാനങ്ങളിൽ മൂന്ന് ലക്ഷത്തി എഴുപതിനായിരം കോടി രൂപ ചെലവിൽ 784 ഹൈവേ പദ്ധതികൾ നടപ്പാക്കും. വടക്കുകിഴക്കൻ മേഖലയിൽ ഈ വർഷം ഏകദേശം ഒരു ലക്ഷം കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര സർക്കാർ നടപ്പാക്കുന്നുണ്ടെന്നും ശ്രീ ഗഡ്കരി പറഞ്ഞു.

*****************************

## KERALA - CM (INTRO)

കേരളത്തിലെ ആദ്യ അതിദാരിദ്ര്യമുക്ത നിയമസഭാ മണ്ഡലമായി കണ്ണൂർ ജില്ലയിലെ ധർമ്മടം. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. നവംബർ ഒന്നിന് കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. അതിദരിദ്രരുടെ ശതമാനം കണക്കാക്കിയാൽ പല സംസ്ഥാനങ്ങളിലും വലിയ തോതിലാണ് ദാരിദ്ര്യാവസ്ഥ നിലനിൽക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

*****************************

## INDIA - RUSSIA

ഇന്ത്യ - റഷ്യ നയതന്ത്ര ബന്ധത്തിന്റെ 78-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ന്യൂഡൽഹിയിൽ സൈക്കിൾ റാലി സംഘടിപ്പിച്ചു. 300 പേർ പങ്കെടുത്തു. ഇരുരാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം വിവിധ മേഖലകളിലെ സഹകരണത്താൽ ശക്തമാണെന്ന് ഇന്ത്യയിലെ റഷ്യൻ അംബാസഡർ ഡെനിസ് അലിപോവ് പറഞ്ഞു.

*****************************

## BJP-RAJEEV CHANDRASHEKHAR

ബിജെപിയുടെ 45-ാം സ്ഥാപന ദിനാഘോഷത്തിന്റെ സമാപന പരിപാടികൾ തിരുവനന്തപുരത്ത് പുരോഗമിക്കുന്നു. സമാപന സമ്മേളനം സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്തു.

*****************************

## OSHANA

യേശുക്രിസ്തു ജറുസലേം നഗരത്തിലേക്ക് പ്രവേശിച്ചതിന്റെ സ്മരണയിൽ ഓശാനപ്പെരുന്നാൾ ആഘോഷിച്ച് ക്രൈസ്തവർ. സംസ്ഥാനത്ത് വിവിധ ക്രിസ്തീയ ദേവാലയങ്ങളിൽ രാവിലെ ഭക്തിനിർഭരമായ ചടങ്ങുകൾ നടന്നു. യേശുദേവന്റെ സഹനത്തിന്റേയും കുരിശുമരണത്തിന്റേയും ദിനങ്ങളായ പീഡാനുഭവ വാരാചരണത്തിനും ഇന്ന് തുടക്കമായി.

*****************************

## GEORGE KURIAN-CM-OPPOSITION LEADER

ഡൽഹിയിൽ കുരുത്തോല പ്രദക്ഷിണത്തിന് അനുമതി നിഷേധിച്ചത് സുരക്ഷാ കാരണങ്ങളാലെന്ന് കേന്ദ്രസഹ മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. അതേസമയം, പ്രദക്ഷിണത്തിന് അനുമതി നിഷേധിച്ച ഡൽഹി പോലീസ് നടപടി പ്രതിഷേധാർഹമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. നടപടി ജനാധിപത്യ വിരുദ്ധവും മത സ്വാതന്ത്ര്യത്തിൻമേലുള്ള കടന്നു കയറ്റവുമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പറഞ്ഞു.

*****************************

## VISHU

ലോകമെമ്പാടുമുള്ള മലയാളികൾ നാളെ വിഷു ആഘോഷിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ വിഷു ആശംസകൾ നേർന്നു. വിഷു ആഘോഷം സമൃദ്ധിയുടെയും സംതൃപ്തിയുടെയും ഒരുമയുടെയും ഭാവം കൊണ്ടുവരട്ടെയെന്ന് ഗവർണർ ആശംസിച്ചു. സമ്പന്നമായ നമ്മുടെ കാർഷിക സംസ്കാരം വീണ്ടെടുക്കേണ്ടതിന്റെ അനിവാര്യത വിഷു ആഘോഷം ഓർമ്മിപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ വിഷു ആശംസയിൽ വ്യക്തമാക്കി.

*****************************

## SABARIMALA - GURUVAYOOR

ശബരിമല ക്ഷേത്രനട നാളെ പുലർച്ചെ നാലിനു തുറക്കും. രാവിലെ 7 വരെ ഭക്തർക്ക് വിഷുക്കണി ദർശിക്കാനാകും. ഗുരുവായൂർ ക്ഷേത്രത്തിൽ വിഷുക്കണി ദർശനം നാളെ പുലർച്ചെ 2.45 മുതൽ 3.45 വരെയായിരിക്കുമെന്ന് ദേവസ്വം അറിയിച്ചു. ക്ഷേത്ര ശ്രീകോവിലിൽ ഗുരുവായൂരപ്പന്റെ വിഗ്രഹത്തിന് വലതുഭാഗത്താണ് വിഷുക്കണി ഒരുക്കുക.

*****************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്നു നടന്ന ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് ജയം. രാജസ്ഥാൻ റോയൽസിനെ ഒമ്പതു വിക്കറ്റിനാണ് ബംഗളൂരു പരാജയപ്പെടുത്തിയത്. രണ്ടാം മത്സരത്തിൽ ടോസ് നേടിയ ഡൽഹി ക്യാപ്പിറ്റൽസ്, മുംബൈ ഇന്ത്യൻസിനെ ബാറ്റിങ്ങിനയച്ചു.

*****************************

# DAY BIHAR MANDAVIYA (INTRO)

വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിന് ഡോ. ഭീം റാവു അംബേദ്കറിന്റെ സമത്വം, നീതി, സാഹോദര്യം എന്നീ ദർശനങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് പ്രവർത്തിക്കണമെന്ന് യുവാക്കളോട് ആഹ്വാനം ചെയ്ത് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ. യുവജനകാര്യ മന്ത്രാലയം സംഘടിപ്പിച്ച ജയ് ഭീം യാത്ര ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം. യുവാക്കൾ ഭരണഘടനയെ ബഹുമാനിക്കണമെന്നും പ്രചോദനം ഉൾക്കൊള്ളണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

(വോയിസ് ഹോൾഡ്)

*****************************

# MUMBAI- BHIM PADYATRA

അംബേദ്കർ ജയന്തി ആഘോഷിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ ആശയങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്തേണ്ടതുണ്ടെന്നും കേന്ദ്ര സഹമന്ത്രി രക്ഷാ ഖഡ്സെ. മുംബൈയിൽ കേന്ദ്ര യുവജനകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ നെഹ്റു യുവ കേന്ദ്ര സംഗഠൻ സംഘടിപ്പിച്ച 'ഭീം പദയാത്രയിൽ' പങ്കെടുക്കുകയായിരുന്നു അവർ.

*****************************

# GOYAL - VIBRANT BUILDCON

വ്യവസായപങ്കാളികൾ സുസ്ഥിരത കൈവരിക്കണമെന്നും ആഗോള മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിക്കണമെന്നും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പീയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ 'വൈബ്രന്റ് ബിൽഡ്കോൺ-2025'നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഇന്ത്യയിലെ ഏറ്റവും വലിയ പ്രദർശന മേളയാണ് 'വൈബ്രന്റ് ബിൽഡ്കോൺ'.

******************************

# WEATHER KERALA

കേരളത്തിൽ ഇന്ന് മുതൽ അഞ്ചു ദിവസം ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ ശക്തമായ കാറ്റിനും സാധ്യതയെന്ന് മുന്നറിയിപ്പ്.

******************************

# ACCIDENT - ANDRA

ആന്ധ്രാപ്രദേശിലെ അനകപ്പള്ളി ജില്ലയിൽ പടക്ക നിർമാണശാലയിലുണ്ടായ സ്ഫോടനത്തിൽ ആറ് പേർ മരിച്ചു. ഏഴ് പേർക്ക് പരിക്കേറ്റു. ഇന്ന് ഉച്ചയ്ക്ക് 12:45 ഓടെയാണ് സംഭവം.

******************************

# WB-VIOLENCE

പശ്ചിമ ബംഗാളിലെ മുർഷിദാബാദിൽ അക്രമസംഭവങ്ങളുടെ പശ്ചാത്തലത്തിൽ, കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ പശ്ചിമ ബംഗാൾ ചീഫ് സെക്രട്ടറിയുമായും ഡിജിപിയുമായും ചർച്ച നടത്തി. സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണെന്ന് പശ്ചിമ ബംഗാൾ ഡിജിപി പറഞ്ഞു. പ്രശ്നബാധിതജില്ലകളിൽ സൂക്ഷ്മനിരീക്ഷണം നടത്താനും സാധാരണ നില ഉറപ്പാക്കാൻ മതിയായ നടപടികൾ സ്വീകരിക്കാനും കേന്ദ്ര ആഭ്യന്തര സെക്രട്ടറി നിർദ്ദേശിച്ചു. സിആർപിഎഫിനെയും മേഖലയിൽ വിന്യസിച്ചിട്ടുണ്ട്.

******************************

# EARTHQUAKE - MYANMAR

മ്യാൻമറിൽ വീണ്ടും ഭൂചലനം. ഭൂകമ്പമാപിനിയിൽ 5.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനത്തിൽ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. മാൻഡലെ മേഖലയിലെ വുണ്ട്വിൻ പട്ടണത്തിന് 14 കിലോമീറ്റർ വടക്കുകിഴക്കായി 20

കിലോമീറ്റർ ആഴത്തിലാണ് ഭൂചലനം അനുഭവപ്പെട്ടത്. കഴിഞ്ഞ മാസം 28ന്, 3600-ലധികം പേരുടെ മരണത്തിന് ഇടയാക്കിയ ഭൂചലനത്തിന് ശേഷം അനുഭവപ്പെടുന്ന ശക്തിയേറിയ ചലനമാണ് ഇത്.

*****************************

# IRAN - US

ഇറാൻ-അമേരിക്ക ആദ്യഘട്ട ചർച്ച ഇന്നലെ ഒമാനിലെ മസ്കറ്റിൽ പൂർത്തിയായി. ഇറാൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചിയും അമേരിക്കയുടെ പശ്ചിമേഷ്യൻ പ്രതിനിധി സ്റ്റീവ് വിറ്റ്കോഫുമാണ് ചർച്ചകൾക്ക് നേതൃത്വം നൽകിയത്.

*

**************

*******************************************